റിപ്പോർട്ട് നൽകാൻവേണ്ടി സാംഗ്ഷൻ വാങ്ങിയിട്ടുണ്ട്. അവിടെ ഭൂമി നൽകുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ ഈ നിർദ്ദേശം തള്ളിയിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിലുള്ള ഭൂമി കെ.എസ്.ഇ.ബി.-യുടെ കൈവശമില്ല. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഊർജ്ജ മേഖലയിലെ വികസനം കൂടിയേ കഴിയൂ എന്നതിനാൽ ഈ പദ്ധതി സംസ്ഥാന താൽപ്പര്യം മുൻനിർത്തി വിട്ടുകളയാൻ സാധ്യമല്ല. സർവ്വകലാശാലയ്ക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിന്റെ പ്രായോഗികവശവും പരിശോധിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.-ക്കോ പവർഗ്രിഡ് കോർപ്പറേഷനോ ഈ പദ്ധതിക്കായി അനുയോജ്യമായ സ്ഥലം ഇല്ലാത്ത സാഹചര്യത്തിലാണ് ഉചിതമായ സ്ഥലമായ കാർഷിക സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി ഇക്കാര്യത്തിനായി ഉപയോഗിക്കാൻ സർക്കാർ നിർബന്ധിതമായത്.

8. പട്ടയവിതരണം

ഡോ. എൻ. ജയരാജ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ മണിമല ഗ്രാമപഞ്ചായത്തിലുള്ള ആലപ്ര, മുക്കട, മേലേക്കവല, നെടുമ്പുറം ചതുപ്പ്, വളകൊടി ചതുപ്പ്, വട്ടകന്ന് തുടങ്ങി ഏകദേശം 400 ഏക്കറോളം വരുന്ന സ്ഥലത്ത് 750-ൽപ്പരം കുടുംബങ്ങൾക്ക് നിലവിൽ പട്ടയം ലഭിച്ചിട്ടില്ല. തലമുറകളായി, 250-ൽപ്പരം വർഷങ്ങളായി ഇവിടെ പാർക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ആലപ്ര ഗവൺമെന്റ് എൽ.പി. സ്കൂളിന് 100 വർഷം പഴക്കവും അന്നപൂർണ്ണ യു.പി.എസ്. 1956-ൽ ആരംഭിച്ചതുമാണ്. നെടുമ്പുറത്തുള്ള ഭദ്രകാളി ക്ഷേത്രവും, തൊട്ടടുത്തുള്ള മോസ്കിനുമൊക്കെ 200-ലധികം വർഷം പഴക്കമുണ്ട്. 1969-ൽ ഇവിടെ 12 വീടുകൾക്ക് മാത്രമാണ് പട്ടയം ലഭിച്ചത്. സ്വകാര്യവ്യക്തി നൽകിയ കേസ്സിനെത്തുടർന്ന് പട്ടയവിതരണം നിർത്തിവച്ചതാണ്. അതിനുശേഷം റവന്യൂ, വനം വകുപ്പുകളുടെ സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞ് നെടുമ്പും, വളകൊടി ചതുപ്പ് ഭാഗങ്ങളിലെ ഭൂമി സാംബവ, ചേരമ വിഭാഗങ്ങളിലുള്ള വർക്ക് നൽകിയെങ്കിലും നാളിതുവരെ പട്ടയം ലഭ്യമാക്കിയിട്ടില്ല. ഈ പ്രദേശത്തുള്ള എണ്ണൂറോളം കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ഉൾപ്പെടുന്ന ആലപ്ര പ്രദേശത്ത് 14-12-1999-ലെ ജി.ഒ.(എംഎസ്.) 510/1999/ആർ.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

4-1-2011-ൽ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. റീ-സർവ്വേ റിക്കാർഡ് പ്രകാരം വനം പുറമ്പോക്ക് എന്ന് വില്ലേജ് രേഖകളിൽ ചേർത്തിരിക്കുന്ന മേൽപ്പടി സ്ഥലം മണിമല വില്ലേജിലെ പഴയ സർവ്വേ നമ്പർ 111/01-ൽപ്പെട്ട താണ്. പൊന്തൻപുഴ-പ്ലാച്ചേരി റോഡ്, പൊന്തൻപുഴ-ചുങ്കപ്പാറ റോഡ്, റാന്നി-മല്ലപ്പള്ളി താലൂക്കിലെ സ്ഥലങ്ങൾ എന്നിവ മേൽപ്പടി സ്ഥലത്തിന്റെ അതിർത്തി കളാണ്. മണിമല ഗ്രാമപഞ്ചായത്തിലെ 9, 10, 11, 12 എന്നീ വാർഡുകളിലായി ഇവ ഉൾപ്പെട്ടുവരുന്നു. പ്രസ്തുത സ്ഥലത്ത് റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയവ കൃഷിചെയ്യുന്ന വനഭൂമിയായി സ്ഥലം ജണ്ടകെട്ടി വേർതിരിച്ചിട്ടുണ്ട്. ആലപ്ര ഗവൺമെന്റ് എൽ.പി. സ്കൂൾ, തച്ചിരിക്കൽ ദേവീക്ഷേത്രം, മോസ്ക്, അംഗനവാടി എന്നിവയും സ്ഥിതിചെയ്യുന്നുണ്ട്. ടി സ്ഥലത്ത് ജനവാസം ആരംഭിച്ചിട്ട് ഉദ്ദേശം 150 വർഷത്തോളമായി. പ്രസ്തുത സ്ഥലത്ത് ഇപ്പോൾ 800-ൽപ്പരം കുടുംബങ്ങൾ താമസിച്ചുവരുന്നു. വളകൊടി ചതുപ്പ്, നെടുമ്പുറം ചതുപ്പ്, വെച്ചുകുന്ന്, പുളിക്കാംപാറ, വഞ്ചികപ്പാറ, പ്രയാറ്റുപടി എന്നീ സ്ഥലങ്ങൾ ഈ പ്രദേശത്ത് ഉൾപ്പെട്ടുവരുന്നു. ഉദ്ദേശം 600 പട്ടികജാതി കുടുംബങ്ങളും 200 ഇതര കുടുംബങ്ങളും ഈ പ്രദേശത്ത് താമസിച്ചുവരുന്നു. മണിമല വില്ലേജിലെ പഴയ സർവ്വെ നമ്പർ 111/1-ൽപ്പെട്ടിരുന്ന മേൽപ്പടി സ്ഥലം റീസർവ്വെ പ്രകാരം ബ്ലോക്ക് 20-ൽ സർവ്വെ നമ്പർ 319 മുതൽ 343 വരെയും, 349, 361 മുതൽ 365 വരെയും 350, 351, 353, 354, 355, 356, 369, 386 മുതൽ 393 വരെയും 425 മുതൽ 429 വരെയും 432, 465 എന്നീ സർവ്വെ നമ്പരുകളിലും ബ്ലോക്ക് 21-ൽ സർവ്വെ നമ്പർ 212, 213, 225, 280, 321,300, 322, 326 എന്നീ നമ്പരുകളിലും പെട്ടതാണ് ഈ ഭൂമി. സംയുക്ത പരിശോധന നടത്തിയ ഭൂമിയുടെ ആകെ വിസ്തീർണ്ണം 103.6190 ഹെക്ടർ ആകുന്നു. 1969-ൽ ടി പ്രദേശത്തെ കുറെ വസ്തുക്കൾക്ക് പട്ടയം നൽകിയിട്ടുള്ള താണ്. ആയതിനുശേഷം പതിവിന് അനുയോജ്യമായ ഭൂമിയുടെ വിസ്തീർണ്ണം 95.3215 ഹെക്ടറാണ്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന തിനുള്ള അനുമതിക്കായി അപ്പൻഡിക്സ് ഫോറം എ-യും മേൽപ്പടി വനഭൂമി ഉൾപ്പെട്ട സ്കെച്ചും ഡി.എഫ്.ഒ. കോട്ടയത്തിനും ഡെപ്യൂട്ടി ഡയറക്ടർ, പ്രോജക്ട് ടൈഗർ പെരിയാർ വെസ്റ്റ് ഡിവിഷൻ പീരുമേടിനും 20-3-2009-ലെ ഇ 1/33495/ 2000 നമ്പരായി ജില്ലാകളക്ടർ മുഖാന്തരം അയച്ചുകൊടുത്തിട്ടുള്ളതാണ്. പതിവു നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സ്ഥലം വീണ്ടും സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള എം.എസ്.എ. കേസ് തീർപ്പാക്കാൻ വേണ്ട അടിയന്തര നടപടികൾ വനംവകുപ്പ് മുഖാന്തരം സ്വീകരിക്കുവാൻ 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

123/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽപ്പടി പ്രദേശത്ത് ഉൾപ്പെടുന്ന അർഹരായ കൈവശക്കാർക്ക് എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. എൻ. ജയരാജിന്റെ നിർദ്ദേശാനുസരണം അതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

9. ഭൂമി ക്രയവിക്രയം

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, താമരശ്ശേരി താലൂക്കിൽ രാരോത്ത് വില്ലേജ്, ഇപ്പോൾ കെടവൂർ വില്ലേജിലെ സർവ്വെ നമ്പർ 2/1 ബി-യിൽപ്പെട്ട 1164 ഏക്കർ ഭൂമിയിൽ വർഷങ്ങളായി നിയമാനുസൃതം വീടുവച്ച് താമസിക്കുന്ന ആയിരത്തോളം പാവപ്പെട്ട വീട്ടുകാർ വളരെ പ്രയാസത്തിലാണ്. 1987 മുതൽ എ.വി. തോമസ് കമ്പനി വക കൽപ്പറ്റ എസ്റ്റേറ്റ് ലിമിറ്റഡ്, പൂനൂർ ഡിവിഷനിൽ ഉൾപ്പെട്ട ഭൂമി പൊന്നുംവില കൊടുത്തുവാങ്ങി നിയമപ്രകാരം കരമടച്ച് പട്ടയം ലഭിച്ചതാണ്. പണ്ടം പണയംവച്ചും കെട്ടുതാലി അടക്കം വിറ്റും പണം സ്വരൂപിച്ചാണ് പല പാവപ്പെട്ടവരും കൃഷിക്കാരും ഇവിടെ പത്തുസെന്റ് മുതൽ അഞ്ചേക്കർ വരെ ഭൂമി വാങ്ങിയിട്ടുള്ളത്. മിച്ചഭൂമിയായി ലഭിക്കേണ്ടത് 90 ഏക്കർ മാത്രമാണ്. എന്നാൽ ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഇവിടെ മരവിപ്പിച്ച് ഉത്തരവായിട്ടുള്ളത്. നേരത്തേ കമ്പനി വയനാട്ടിലുള്ള സ്ഥലം നൽകാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ലാന്റ് ബോർഡ് ഈ സ്ഥലം മിച്ചഭൂമിയിൽ നിന്ന് ഒഴിവാക്കി തീരുമാനം എടുത്തിരുന്നു. എന്നാൽ സ്റ്റേറ്റ് ലാന്റ് ബോർഡ് വീണ്ടും കോടതിയെ സമീപിച്ചതാണ് പ്രശ്നം വഷളാക്കിയിട്ടുള്ളത്. കമ്പനി കൈവശത്തിൽ മാത്രം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി വേറെ ഉണ്ടായിരിക്കെ, 90 ഏക്കർ മിച്ചഭൂമിക്കുവേണ്ടി പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഈ തീരുമാനം പിൻവലിക്കണം. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടി സ്വീകരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, താമരശ്ശേരി താലൂക്ക് കെടവൂർ ദേശം റീസർവ്വെ 2/1 ബി-യുടെ വിസ്തീർണ്ണം വില്ലേജ് റിക്കാർഡുകൾ പ്രകാരം 1164 ഏക്കറാണെന്നും എന്നാൽ ഇതിൽ 1000 ഏക്കറോളം കൽപ്പറ്റ എസ്റ്റേറ്റ്, അതായത് രാജഗിരി റബ്ബർ & പ്രൊഡ്യൂസസ് ലിമിറ്റഡ് കമ്പനിയുടെ അധീനതയിലാണെന്നും പ്രസ്തുത ഭൂമി റബ്ബർ പ്ലാന്റേഷൻ ആയിരിക്കെ 1990-1994 കാലഘട്ടത്തിൽ വിൽപ്പന നടത്തിയതുമാണ്. കെടവൂർ

LIBRARY ARCHIVES Kerala Legislative Assembly